**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5195** 24-10-2011 - ൽ മറുപടിയ്ക്ക്

**റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര-ലക്ഷ്മിപുരംതോപ്പ് തീരദേശ റോഡിൽ വെട്ടിമുറിക്കപ്പെട്ട സ്ഥലത്ത് സ്ഥിരമായി ജലം ഒഴുക്കി വിടുന്നതിനായി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കണം എന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; | (എ) പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് തീരദേശ റോഡിൽ വെട്ടിമുറിക്കപ്പെട്ട സ്ഥലം ഉൾപ്പെടുന്നതു ഇരവിപുരം നിയോജക മണ്ഡലത്തിലാണ്. ഇവിടെ റെഗുലേറ്റർ കം-ബ്രിഡ്ജ് പണിയണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആയത് സാദ്ധ്യമാക്കുന്നതിലേക്ക് എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ വാല്യം മൂന്നിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉണ്ട്. മതിയായ തുക ഉൾക്കൊള്ളിച്ച് മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ റെഗുലേറ്ററിന്റെ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) പ്രസ്തുത റോഡിൽ വെട്ടിമുറിക്കപ്പെട്ട ഭാഗം താൽക്കാലികമായി നന്നാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും, ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ ? | (സി) മുറിച്ച പൊഴി അടയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ റോഡിൽ വെട്ടിമുറിക്കപ്പെട്ട ഭാഗം നന്നാക്കുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**